# വിവരാവകാശം/മറുപടി

ഇ-2858/18

ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ കാര്യാലയം
പൂജപ്പുര തിരുവനന്തപുരം
തീയതി 10-07-2018
ഫോൺ 0471-2343241

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

Sri Mahesh Kumar T & Gayathri T P,
Kunjaram Konam
Kannethu Puthen veedu,
Muriyathottam,
Parassala P O, Tvpm

സർ/മാഡം,

വിഷയം - സാമൂഹ്യ നീതി വകുപ്പ് - ജില്ലാ സാമൂഹ്യ നീതി ഓഫീസ്, തിരുവനന്തപുരം - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന - വിവരാവകാശ നിയമം പ്രകാരം താങ്കൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ

വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

27-11-2014 ൽ വിവാഹം കഴിഞ്ഞ താങ്കൾ മിശ്രവിവാഹം ചെയ്തതു കാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് നൽകുന്ന ധനസഹായത്തിനായുള്ള അപേക്ഷ താങ്കൾ ഈ കാര്യാലയത്തിൽ സമർപ്പിച്ചത് 17-04-2017 ലാണ്. മിശ്രവിവാഹം ചെയ്തതു കാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് സമൂഹ്യ നീതി വകുപ്പ് നൽകി വരുന്ന ധനസഹായത്തിനുള്ള അപേക്ഷ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടത് വിവാഹ തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞ് രണ്ട് വർഷത്തിനകമാണ്. താങ്കളുടെ വിവാഹം കഴിഞ്ഞ് രണ്ട് വർഷവും നാല് മാസവും കഴിഞ്ഞാണ് പ്രസ്തുത ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നതിനാൽ അപേക്ഷ നിരസിക്കുകയാണുണ്ടായത്. പ്രസ്തുത പദ്ധതി പ്രകാരം താങ്കളുടെ മാപ്പപേക്ഷ പരിഗണിക്കാൻ കഴിയുന്നതല്ല എന്ന വിവരം അറിയിക്കുന്നു. താങ്കളുടെ അപേക്ഷ നിലവിൽ ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മുഴുവൻ അപേക്ഷയുടെയും പകർപ്പ് ആവശ്യമായ പക്ഷം ഒരു പുറത്തിന് രണ്ട് രൂപ വീതം 16 പേജിന് 32 രൂപ ട്രഷറിയിലടച്ച ചലാൻ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

Scanned by CamScanner

പ്രസ്തുത മറുപടി തൃപ്തികരമല്ലാത്ത പക്ഷം ഈ മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപ്പീൽ അധികാരിയായ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് , വനിത ശിശു വികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ISTRICT SOCIAL JUS ... FICER

വിശ്വസ്തതയോടെ

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസർ(i.c)
തിരുവനന്തപുരം

Scanned by CamScanner